649

എന്താനന്ദം എനിക്കെന്താനന്ദം
പ്രിയ യേശുവിൻ കൂടെയുള്ള വാസം ചിന്താതീതം അതു മനോഹരം
എന്തു സന്തോഷമാം പുതുജീവിതം
സന്താപമേറുമീലോകെ ഞാനാകിലും സാന്ത്വനം തരും ശുഭം

1 ഒന്നും കണ്ടിട്ടല്ല എൻജീവിതാരംഭം വിശ്വാസ കാൽച്ചുവടിലത്രേ
തന്നീടുന്നെ സ്വർഗ്ഗ ഭണ്ഡാരത്തിൽനിന്നും
ഒന്നിനും മുട്ടില്ലാത്തവണ്ണം ആശയ്ക്കെതിരായ് ആശയോടെ
വിശ്വസിക്കുകിൽ എല്ലാം സാദ്ധ്യം-

2 ആരു വെറുത്താലും ആരു ചെറുത്താലും കാര്യമില്ലെന്നുള്ളം ചൊല്ലുന്നു
കൂടെ മരിപ്പാനും കൂടെ ജീവിപ്പാനും
കൂട്ടായ് പ്രതിജ്ഞാബന്ധം ചെയ്തോർ കൂട്ടത്തോടെ വിട്ടുപോയ് വിട്ടാലും
കൂട്ടായ് യേശു എനിക്കുള്ളതാൽ-

3 ആരു സഹായിക്കും ആരു സംരക്ഷിക്കും എന്നുള്ള ഭീതി എനിക്കില്ല
തീരെ ബലഹീനനായ് കിടന്നാലും ചാരും ഞാനേശുവിന്റെ മാർവ്വിൽ
എത്തും സഹായമത്യത്ഭുതമാം വിധം തൊട്ടു സുഖപ്പെടുത്തും-

4 ക്രിസ്തീയജീവിത മാഹാത്മ്യം കണ്ടവർ ക്രിസ്തനെ വിട്ടുപോയിടുമോ
സുസ്ഥിരമല്ലാത്ത ലോകസ്നേഹത്തിനാൽ വ്യർത്ഥമായ് തീരുന്നതെന്തിന്
കർത്തനാമേശുവോടൊത്തു നടക്കുകിൽ നിത്യാനന്ദം ലഭ്യമേ-